ഞാൻ ഈ സഭയിൽ അംഗമാകുന്നതിന് മുമ്പ് ടെണ്ടർ കൊടുത്തുയെങ്കിലും യാതൊരു പണിയും ആനക്കട്ടി ഷോളയൂർ റോഡിൽ നടന്നിട്ടില്ല. ഇപ്പോൾ ടെണ്ടർ ടെർമിനേറ്റു ചെയ്തിരിക്കുകയാണെന്നറിയുന്നു. പല പ്രാവശ്യം ഈ റോഡിന്റെ കാര്യം എഞ്ചിനീയർമാരോടും ഉത്തരവാദപ്പെട്ടവരോടും ഞാൻ പറഞ്ഞതാണ്. എഴുതി കൊടുത്തതാണ്. കാര്യങ്ങളൊന്നും നീങ്ങാത്തത് കൊണ്ട് ഇപ്പോഴും പറയുന്നു. ഈ റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തതു കൊണ്ട് മറ്റ് യാതൊരു സ്കീമിലും പെടുത്തി ഒന്നും ചെയ്യാനും കഴിയുന്നില്ല. ഇപ്പോഴാകട്ടെ കഴുതയ്ക്ക് പോലും ആനക്കട്ടി—ഷോളയൂർ റോഡിലൂടെ നടക്കാൻ കഴിയുന്നില്ല. ആദിവാസികളും വിദേശനാണ്യം നേടിത്തരുന്ന നിരവധി എസ്റ്റേറ്റുകളുമുള്ള ഷോളയൂർ പഞ്ചായത്ത് ബാഹ്യലോകത്ത് നിന്നുതന്നെ ഒറ്റപ്പെട്ടിരിക്കുന്നു. ആനക്കട്ടി ഷോളയൂർ റോഡിന്റേയും മുള്ളി—താവളം റോഡിന്റേയും നിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷനെയോ മറ്റ് ഏതെങ്കിലും ഏജൻസിയേയോ ഏൽപ്പിച്ചെങ്കിലും അടിയന്തിരമായി നടത്തണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): കഴിഞ്ഞ മഴക്കാലത്ത് ധാരാളം റോഡുകൾക്ക് കേടുപാടുകൾ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് അറ്റകുറ്റ പണികളും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ആനക്കട്ടി ഷോളയൂർ റോഡിന്റെ പ്രവർത്തനം മണ്ണിടിഞ്ഞതുമൂലമാണ് തടസ്സപ്പെട്ടത്. അതിനാവശ്യമായ നടപടി എടുക്കുവാൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

(2) തൃപ്പൂണിത്തുറയിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം.

ശ്രീ. കെ. ജി. ആർ. കർത്താ: തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ, തൃപ്പൂണിത്തുറ മുനിസിപ്പൽ, ടൗൺ, പഞ്ചായത്തു പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടാതെ അവിടത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. 1982 മുതലേ പല പദ്ധതികളും ആരംഭിച്ചു കഴിഞ്ഞുവെങ്കിലും ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. ഒരു വാട്ടർ ടാങ്കിന്റെ പണിയും തൃപ്പൂണിത്തുറയിൽ ആരംഭിച്ചു. അതിപ്പോൾ നിറുത്തലാക്കിയിരിക്കുന്നു. കുത്തകപ്പാടി കുമ്മനം ഭാഗത്ത് ടാങ്ക് ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ ഏതാനും ലക്ഷം രൂപ ജലവിതരണം ചെയ്യാൻ ആവശ്യമാണെന്ന് ഈ ഡിപ്പാർട്ടുമെന്റ് ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവിടത്തെ ജലവിതരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ 135 ടാപ്പുകളിൽക്കൂടി ഇപ്പോൾ ശുദ്ധജലം കൊടുക്കുന്നുണ്ട്. അതിനു പുറമേ, 126 ലക്ഷം രൂപയുടെ ഒരു ആഗ്മെന്റേഷൻ സ്കീമിന് സാങ്ഷൻ കൊടുത്തിട്ടുണ്ട്. പൈപ്പുലൈൻ കംപ്ലീറ്റായി. ടാങ്ക് റീടെണ്ടർ ചെയ്തു. ആലുവ ട്രീറ്റ്മെന്റ് ടാങ്ക് പൂർത്തിയായി. തമ്മനത്ത് വെള്ളമെത്തിയാൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. അത് ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly